(ബി) താൽക്കാലിക കാർഡുകൾ നൽകിയാൽ മതിയെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സ്ഥിരം കാർഡു നൽകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) താൽക്കാലിക കാർഡുകൾ കാലാകാലങ്ങളിൽ പുതുക്കേണ്ടതായി വരുന്നതിലുള്ള ബുദ്ധിമുട്ടു പരിഗണിച്ച് അപേക്ഷകർക്ക് സ്ഥിരം റേഷൻ കാർഡു നൽകാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് റേഷൻകാർഡിന് അപേക്ഷിക്കുന്നവർക്ക് സ്ഥിരം കാർഡുകളാണ് നൽകുന്നത്. അച്ചടിച്ച സ്ഥിരം കാർഡുകൾ സ്റ്റോക്കില്ലാത്തതിനാൽ ചില ജില്ലകളിൽ താൽക്കാലിക കാർഡുകളുടെ ഫാറത്തിലാണ് കാർഡ് നൽകിവരുന്നത്. ഇപ്പോൾ സ്ഥിരം കാർഡുകൾ ലഭ്യമാക്കിവരുന്നുണ്ട്.

(ബി) ഇല്ല.

(സി) അച്ചടിച്ച സ്ഥിരം കാർഡുകൾ സ്റ്റോക്കില്ലാത്തതിനാലാണ് പകരം താൽക്കാലിക കാർഡുകൾ നൽകേണ്ടിവന്നത്. ഇപ്പോൾ അവ സ്ഥിരം കാർഡുകളാക്കി നൽകിയിട്ടുണ്ട്.

(ഡി) സ്ഥിരം കാർഡുകൾ നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

122 (141) നിത്യോപയോഗസാധനങ്ങളുടെ വില

ശ്രീ.ഇ.എം.അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ നടത്തുന്ന സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ എന്നിവയിലൂടെ നൽകുന്ന അരിയുടെ വിലയിൽ 1995-96, 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള ഏറ്റക്കുറച്ചിൽ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) 1995-96-ലെ അരി വിലയെ അപേക്ഷിച്ച് 1999-2000-ൽ അരിക്ക് എന്തു വില വ്യത്യാസം ഉണ്ടായിട്ടുണ്ട്;

(സി) ഈ വ്യത്യാസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റേഷൻ അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വില എത്രയായിരുന്നു; ഇപ്പോൾ അവയുടെ വില എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നിത്യോപയോഗസാധനങ്ങളുടെ വിലയെന്തായിരുന്നുവെന്നും അവയുടെ ഇപ്പോഴത്തെ വില എത്രയാണെന്നും വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്റ്റേറ്റ്മെന്റ് അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. *

(ബി) 1999-2000 ഏപ്രിൽ മുതൽ സെപ്തംബർ വരെ 2 രൂപ 40 പൈസയുടെയും തുടർന്നുള്ള മാസങ്ങളിൽ 2 രൂപയുടെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) എഫ്.സി.ഐ.യിൽ നിന്നും വാങ്ങിയ അരിയുടെ വില വർദ്ധിച്ചത് കൊണ്ടാണ് വിൽപന വിലയിൽ നേരിയ വർദ്ധനവ് വരുത്തിയത്.

അരി	*1996-ലെ വില*	*2000-ലെ വില*
1. നോർമൽ	5.70 രൂപ മുതൽ	11.90 രൂപ
	5.80 രൂപ	
2. സബ്സിഡി	4.70 രൂപ മുതൽ	6.20 രൂപ
	4.75 രൂപ	
3. പഞ്ചസാര	9.15 രൂപ	13.10 രൂപ
4. മണ്ണെണ്ണ	2.70 രൂപ മുതൽ	8.80 രൂപ മുതൽ
	2.90 രൂപ	8.90 രൂപ

കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുന്ന വസ്തുക്കൾക്ക് വില വർദ്ധിപ്പിച്ചതിനാലാണ് ഈ വർദ്ധനവ് വന്നത്.

(ഇ) വില വിവരം അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്.* *

123 (142) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്

ശ്രീ. ടി.എം.ജേക്കബ്ബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീമതി കെ.ആർ.ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിത്യോപയോഗ സാധനങ്ങളുടെ വില എത്ര വീതമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 2000 നവംബർ 30-ലെ ഇവയുടെ വില എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(സി) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

---

* അനുബന്ധം XXIV (a)

** അനുബന്ധം XXIV (b)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XXIV (a)

18-12-2000 ലെ നക്ഷത്രചിഹ്നമിടാത്ത 122 (141-ാം) നമ്പർ ചോദ്യം ദയവായി കാണുക

മാവേലി സ്റ്റോറിലൂടെ വിതരണം നടത്തിയ അരിയുടെ വില

മാസം	1995-96-ലെ അരിയുടെ വില	1996-97-ലെ അരിയുടെ വില	1997-98-ലെ അരിയുടെ വില	1998-99 അരിയുടെ വില	1999-2000 അരിയുടെ വില
ഏപ്രിൽ	7.20 രൂപ	7.60 രൂപ	7.60 രൂപ	7.50 രൂപ	9.60
മേയ്	7.20 "	7.60 "	7.60 "	7.50 "	9.60
ജൂൺ	720 "	7.60 "	7.60 "	7.50 "	9.60 "
ജൂലൈ	7.20 "	7.60 "	7.60 "	7.15 "	9.60 "
ആഗസ്റ്റ്	7.20 "	7.60 "	7.60 "	7.50 "	9.60 "
സെപ്തംബർ	7.20 "	7.60 "	7.60 "	7.50 "	9.60 "
ഒക്ടോബർ	7.60 "	7.60 "	8.00 "	7.50 "	9.60 "
നവംബർ	7.60 "	7.60 "	8.00 "	7.50 "	9.60 "
ഡിസംബർ	7.60 "	7.60 "	8.00 "	7.50 "	9.60 "
ജനുവരി	7.60 "	7.60 "	8.00 "	7.50 "	9.60 "
ഫെബ്രുവരി	7.60 "	7.60 "	7.50 "	9.60 "	9.60 "
മാർച്ച്	7.60 "	7.60 "	7.50 "	9.60 "	9.60 "

അനുബന്ധം XXIV (b)

നിത്യോപയോഗ സാധനങ്ങളുടെ വില

ക്രമ നമ്പർ	ഇനം	30.5.96-ലെ വില	30.11.2000-ലെ വില
1.	അരി (വെള്ള)	9.80 രൂപ	12.68 രൂപ
2.	അരി (നാടൻ)	10.17 രൂപ	12.67 രൂപ
3.	ഉഴുന്ന് പിളർന്നത്	27.50 രൂപ	37.75 രൂപ
4.	ചെറുപയർ	26.71 രൂപ	26.00 രൂപ
5.	തുവരപ്പരിപ്പ്	32.42 രൂപ	30.00 രൂപ
6.	പഞ്ചസാര	14.56 രൂപ	16.00 രൂപ
7.	കടലയെണ്ണ	45.89 രൂപ	48.55 രൂപ
8.	തേയില (കണ്ണൻ ദേവൻ)	83.50 രൂപ	130.00 രൂപ
9.	ഉരുളക്കിഴങ്ങ്	9.75 രൂപ	10.00 രൂപ

LIBRARY ARCHIVES Kerala Legislative Assembly

10.	ഉള്ളി	13.69 രൂപ	12.00 രൂപ
11.	സവാള	5.68 രൂപ	12.00 രൂപ
12.	വെളിച്ചെണ്ണ	42.16 രൂപ	36.71 രൂപ
13.	മല്ലി	25.86 രൂപ	34.07 രൂപ
14.	മുളക്	47.64 രൂപ	41.69 രൂപ
15.	ജീരകം	93.43 രൂപ	160.00 രൂപ
16.	കടുക്	19.64 രൂപ	25.43 രൂപ
17.	ഉലുവ	18.04 രൂപ	28.29 രൂപ
18.	മഞ്ഞൾ	29.57 രൂപ	37.67 രൂപ
19.	കാപ്പി (ബ്രൂക്ക്ബോണ്ട്)	110.86 രൂപ	139.14 രൂപ
20.	പുളി	19.71 രൂപ	28.08 രൂപ
21.	സൺലൈറ്റ് ബാർ	6.15 രൂപ	6.00 രൂപ
22.	ലക്സ് സോപ്പ്	7.41 രൂപ	10.50 രൂപ

അനുബന്ധം XXV

18.12.2000-ലെ നക്ഷത്രചിഹ്നമിടാത്ത 123 (142-ാം) നമ്പർ ചോദ്യം ദയവായി കാണുക

അവശ്യസാധനങ്ങളുടെ വിലനിലവാരം

ക്രമ നമ്പർ	സാധനങ്ങളുടെ പേര്	30.5.96 ലെ വില	30.11.2000 ലെ വില
1.	അരി (വെള്ള)	9.80	12.68
2.	അരി (നാടൻ)	10.17	12.67
3.	ഉഴുന്ന് പിളർന്നത്	27.50	37.75
4.	ചെറുപയർ	26.71	26.00 (-)
5.	തുവരപ്പരിപ്പ്	32.42	30.00 (-)
6.	പഞ്ചസാര	14.56	16.00
7.	കടലയെണ്ണ	45.89	48.55
8.	വെളിച്ചെണ്ണ	42.16	36.71 (-)
9.	മല്ലി	25.86	34.07
10.	മുളക്	47.64	41.69 (-)
11.	ജീരക	93.43	160.00
12.	കടുക്	19.64	25.43
13.	ഉലുവ	18.04	28.29
14.	മഞ്ഞൾ	29.57	37.36
15.	പുളി	19.71	28.08

LIBRARY ARCHIVES Kerala Legislative Assembly